"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസം - സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ 2026-27 അധ്യയന വർഷത്തെ തസ്തിക നിർണ്ണയത്തിൽ തസ്തിക നഷ്ടം സംഭവിക്കുന്ന കലാ-കായികാധ്യാപകരെ നിലനിർത്തുന്നതിനായി അധ്യാപക-വിദ്യാർത്ഥി അനുപാതം പുനഃക്രമീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (ജെഎ) വകുപ്പ്**

സ.ഉ.(കൈ) നം.118/2026/GEDN തീയതി,തിരുവനന്തപുരം, 08-07-2026

---

പരാമർശം:-
1. 07.09.2017 ലെ സ.ഉ(കൈ) നം. 111/2017/പൊവിവ സർക്കാർ ഉത്തരവ്
2. 23.07.2019 ലെ സ.ഉ(കൈ) നം.95/2019/പൊവിവ സർക്കാർ ഉത്തരവ്
3. 02.12.2022 ലെ സ.ഉ(കൈ) നം.220/2022/പൊവിവ സർക്കാർ ഉത്തരവ്
4. 13.02.2025 ലെ സ.ഉ(കൈ) നം. 30/2025/പൊവിവ സർക്കാർ ഉത്തരവ്
5. 24.09.2025 ലെ സ.ഉ(കൈ) നം.162/2025/പൊവിവ സർക്കാർ ഉത്തരവ്
6. 17.10.2025 ലെ സ.ഉ(കൈ) നം. 170/2025/പൊവിവ സർക്കാർ ഉത്തരവ്
7. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 14.6.2026-ലെ DGE/10004/2026-sports1 നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ (സർക്കാർ/എയ്ഡഡ്) 2025-2026 അധ്യയന വർഷത്തെ തസ്തിക നിർണ്ണയത്തിൽ തസ്തിക നഷ്ടം സംഭവിക്കുന്ന കലാ-കായികധ്യാപകരെ നിലനിർത്തുന്നതിനായി, നിബന്ധനങ്ങൾക്ക് വിധേയമായി, കേരള വിദ്യാഭ്യാസ ചട്ടങ്ങളിൽ ഇളവ് നൽകികൊണ്ട് പരാമർശം (5) പ്രകാരം 2025-2026 അധ്യയന വർഷം യു.പി വിഭാഗത്തിൽ അധ്യാപക-വിദ്യാർത്ഥി അനുപാതം 1:300 ആയി പുനഃക്രമീകരിച്ച് ഉത്തരവാകുകയുണ്ടായി. 2023-24, 2024-25 കാലയളവിൽ തസ്തിക നഷ്ടപ്പെട്ട് സേവനത്തിൽ നിന്നും പുറത്ത് പോയ കലാ-കായികാധ്യാപകർക്ക് പരാമർശം

(5) ഉത്തരവിന്റെ ആനുകൂല്യം ലഭിക്കുന്നതിന് വേണ്ടി മാത്രം, **2023-24, 2024-25** കാലയളവിലെ യാതൊരു സാമ്പത്തിക ആനുകൂല്യങ്ങൾക്കും, അനുബന്ധ ആനുകൂല്യങ്ങൾക്കും അർഹതയില്ല എന്ന നിബന്ധനയിൽ, പരാമർശം(5) ഉത്തരവിന് **2023-24** അധ്യയന വർഷം മുതൽ മുൻകാലപ്രാബല്യം നൽകി പരാമർശം (6) പ്രകാരവും ഉത്തരവായിരുന്നു.

**2.** നിലവിലെ സാഹചര്യം സർക്കാർ വിശദമായി പരിശോധിച്ചു. പരാമർശം (5) ഉത്തരവിലെ ആനുകൂല്യങ്ങൾ, **2026-2027** അധ്യയന വർഷത്തേയ്ക്ക് കൂടി ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജയകുമാർ സി എസ്
ജോയിന്റ് സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ജില്ലാ/ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും, ഉപഡയറക്ടർമാർക്കും ( പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ) വിവര പൊതുജന സമ്പർക്ക വകുപ്പ്.
പൊതു വിദ്യാഭ്യാസ (ആർ) വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by N K Sheena
Date: 08-07-2026 14:59:13
സെക്ഷൻ ഓഫീസർ